*➩ റബ്ബറിന് ഒരു വളവും കുറെ വർഷങ്ങളായി ചെയ്യുന്നില്ല ➩*

**ഡോ. ശ്രീകുമാർ** വിളമ്പുന്ന കൃഷി സുവിശേഷ ങ്ങൾ ശ്രദ്ധിച്ചുമായിച്ചാൽ എന്തുകൃഷി താല്പര്യമാണ് അദ്ദേഹത്തെ നയിക്കുന്നത് എന്ന് വ്യക്തമാകും. നീണ്ട അഭിമുഖത്തിലൂടെ അദ്ദേഹം വിശദീകരിക്കുന്നത് പ്രധാനമായും രണ്ടുകാര്യങ്ങളാണ്. ഒന്നാമത്തെകാര്യം; ആധുനിക കൃഷിശാസ്ത്രം തികച്ചും കുറ്റമറ്റതാണ്, എന്നാൽ അതിന്റെ പ്രയോഗ രംഗത്ത് ചില്ലറപാളിച്ചകൾ വന്നിട്ടുണ്ട്. ആ പാളിച്ചകളെ പർവ്വതീകരിച്ചുകൊണ്ടാണ് ജൈവകൃഷി സമ്പ്രദായം ഇവിടെ വേരുപിടിക്കുന്നത്. രണ്ടാമത്തെ കാര്യം ജൈവകൃഷിരീതികൾ ഉല്പാദനക്ഷമത കുറഞ്ഞതും നാടിന്റെ ഭക്ഷ്യ ആവശ്യങ്ങൾ നിറവേറ്റാൻ കഴിവില്ലാത്തതുമാണ്. ഇക്കാരണത്താൽ ജൈവകൃഷി സമ്പ്രദായം നടപ്പിലാക്കാൻ ശ്രമിച്ച് ആധുനിക കൃഷി സമ്പ്രദായങ്ങളുടെ സാധ്യത പാഴാക്കിക്കളയുന്നത് വിഡ്ഢിത്തമാണ്. മേൽസൂചിപ്പിച്ച രണ്ടുകാര്യങ്ങൾ സ്ഥാപിക്കാൻ അദ്ദേഹം ഒട്ടേറെ കാര്യങ്ങൾ വിശദീകരിക്കുന്നുണ്ട്. ഈ വിശദീകരണങ്ങളെല്ലാം ചില ആശയ കുഴപ്പങ്ങളുണ്ടാക്കാൻ വേണ്ടിയുള്ളതാണ്. എങ്ങനെയെന്ന് വിശദമാക്കാം.

# ശാസ്ത്രമതവിശ്വാസികൾ വാളെടുക്കുന്നത് എന്തിന്?

അടുത്ത വർഷത്തോടെ കേരളത്തെ സമ്പൂർണ്ണ ജൈവകൃഷി സംസ്ഥാനമായി പ്രഖ്യാപിക്കാനുള്ള സംസ്ഥാന സർക്കാരിന്റെ നീക്കത്തെ വിമർശിച്ചുകൊണ്ട് ഡോ.കെ.എം.ശ്രീകുമാറും, ശ്രീകുമാറിനെ അവലംബിച്ച് സി. രവിചന്ദ്രനും ജൈവകൃഷിക്കെതിരെ ഉന്നയിക്കപ്പെട്ട വാദഗതികളോടുള്ള ഒരു ജൈവ കർഷകന്റെ പ്രതികരണം.

**സണ്ണി പൈകട**

വർഷങ്ങളായി ജൈവകൃഷിരീതികൾ അവലംബിക്കുന്ന ഒരു ചെറുകിട മലയോര കർഷകനാണ് ഞാൻ. കൃഷിയല്ലാതെ മറ്റൊരു വരുമാന മാർഗ്ഗവും എനിക്കില്ല. ഞാൻ കൃഷിചെയ്യുന്നത് പ്രധാനമായും തെങ്ങ്, റബ്ബർ, കമുക്, എന്റെ കുടുംബത്തിനാവശ്യമായ പച്ചക്കറികൾ, കിഴങ്ങുവർഗ്ഗങ്ങൾ, പഴവർഗ്ഗങ്ങൾ തുടങ്ങിയവയാണ്. റബ്ബർ ഒഴികെയുള്ള വിളകൾക്ക് ജീവാമൃതമാണ് വളമായി ഉപയോഗിക്കുന്നത്. പച്ചക്കറികൾക്ക് ചില ജൈവ കീടനിയന്ത്രണ ഉപാധികളും സ്വീകരിക്കും. റബ്ബറിന് ഒരു വളവും കുറെ വർഷങ്ങളായി ചെയ്യുന്നില്ല. ജീവാമൃതം ഉപയോഗിക്കുന്ന വിളകൾക്കൊന്നും യാതൊരു ഉൽപാദന കുറവുമില്ല എന്നുമാത്രമല്ല മികച്ച ഉല്പാദന ക്ഷമതയാണ് പ്രകടമാവുന്നത്. റബ്ബറിന് ഒരു വളവും ചെയ്യാത്തതിനാൽ അല്പം ഉല്പാദനകുറവുണ്ടെന്നത് സത്യമാണ്. മലയോരമാകയാൽ ജീവാമൃതം റബ്ബറിന് ഒഴിക്കുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകൾ മൂലമാണ് അതൊഴിവാക്കിയത്, എന്റെ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് ഞാൻ ഉറപ്പിച്ചു പറയുന്നത്, ജൈവകൃഷിരീതികൾ അവലംബിച്ചാൽ കാർഷികോല്പാദനം കുറയുമെന്ന ഡോ. ശ്രീകുമാറിന്റെ വാദം അടിസ്ഥാനരഹിതമാണെന്ന്. ഇതേ അനുഭവമുള്ള ആയിരക്കണക്കിന് കർഷകർ കേരളത്തിലുള്ളത് എന്തുകൊ

ണ്ടാണ് ഡോ.ശ്രീകുമാർ കാണാതിരിക്കുന്നത്. വിവിധ വിളകൾ കൃഷിചെയ്യുന്ന കർഷകരുടെ അനുഭവമാണ് സൂചിപ്പിച്ചത്. ഈ അനുഭവ ങ്ങളുടെ ഉറച്ച അടിത്തറയിലാണ് ഇവിടെ ജൈവ കൃഷി സമ്പ്രദായം പ്രചരിക്കുന്നത് എന്നതും ഒരു സർക്കാർ സംവിധാനത്തിന്റെയും സബ്സീഡിയുടെയും സഹായത്താലല്ലായെന്നും ഡോ.ശ്രീകുമാറിനെപ്പോലുള്ളവർ മനസ്സിലാക്കണം മാത്രവുമല്ല സർക്കാർ സംവിധാനങ്ങളുടെ പിൻബലത്തിൽ ഇവിടെ വേരുറച്ച ആധുനിക കൃഷിരീതികൾ ഉപേക്ഷിച്ചുകൊണ്ടാണ് കർഷകർ ജൈവരീതിയിലേക്ക് തിരികെ പോകുന്നത്. ഡോ.ശ്രീകുമാറും കൂട്ടരും ഏത് ജൈവകൃഷിയിടങ്ങളെ നീണ്ടുനിൽക്കുന്ന പഠനങ്ങൾക്ക് വിധേയമാക്കിയിട്ടാണ് ഉല്പാദനക്ഷമതാരാഹിത്യത്തെക്കുറിച്ചുള്ള ഈ നിഗമനങ്ങൾ തട്ടിവിടുന്നത് എന്ന് വ്യക്തമാക്കിയാൽ കൊള്ളാം. മാത്രവുമല്ല കേരളത്തിൽ കൃഷി ചെയ്യുന്ന ഒട്ടുമിക്ക കാർഷികവിളകൾക്കും രാസകൃഷിയെപ്പോലെതന്നെയും അതിൽകൂടുതലും ഉല്പാദനക്ഷമത പ്രകടിപ്പിക്കുന്ന എത്രയോ കൃഷിയിടങ്ങൾ കേരളത്തിലുണ്ട്. അവയെ സത്യസന്ധതയോടെ ദീർഘകാലപഠനത്തിന് വിധേയമാക്കാൻ ഡോ. ശ്രീകുമാറിലെ ഗവേഷകനെ ഞാൻ വെല്ലുവിളിക്കുന്നു.

കൂട്ടത്തിൽ മറ്റൊന്നുകൂടി എനിക്ക് സൂചിപ്പിക്കാനുണ്ട്. ശാസ്ത്രഗതിമാസികയിൽ ഡോ. ശ്രീകുമാറിന്റെ അഭിമുഖത്തോടൊപ്പം പ്രസിദ്ധീകരിച്ച ചിത്രങ്ങളിൽ രണ്ടെണ്ണം തികച്ചും ശാസ്ത്രീയധാർമ്മികതക്ക് നിരക്കുന്നതല്ല എന്ന് പറയാതിരിക്കാനാവില്ല. 'ജൈവകൃഷിയിടത്തിലെ തെങ്ങ്' എന്നു പറഞ്ഞ് രണ്ടു ചിത്രങ്ങളായി രണ്ട് തെങ്ങുകളുടെ ഫോട്ടോ കൊടുത്തിട്ടുണ്ട്. ആ ചിത്രങ്ങൾ ഒരു നുണക്കഥ സ്ഥാപിച്ചെടുക്കാനുള്ള കൗശലം വിളിച്ചോതുന്നതാണ്. ശാസ്ത്രീയ കൃഷി എന്ന് ഡോ. ശ്രീകുമാറിനെപ്പോലുള്ളവർ വിശേഷിപ്പിക്കുന്ന രാസകൃഷി ചെയ്യുന്ന കൃഷിയിടങ്ങളിലും (പടന്നക്കാട്ടെ കാർഷിക കോളേജിന്റെ കൃഷിയിടത്തിൽപോലും) ചിത്രത്തിൽകാണുന്നതുപോലെ കേട് ബാധിച്ചതും കായ്ഫലമില്ലാത്തതുമായ തെങ്ങുകൾ കണ്ടേക്കാം. അതിൽ ഒരു ചിത്രത്തിൽ മുരടിച്ചതെങ്ങിനോടൊപ്പം നല്ല ഒരു തെങ്ങിന്റെ തലപ്പുകൾ കാണുന്നുമുണ്ട്. ഒരു വാദഗതി സ്ഥാപിക്കാൻ അതിനനുയോജ്യമായ ഒരു തെങ്ങിന്റെ ചിത്രം മാത്രം ഫോക്കസ്സ് ചെയ്ത് പ്രസിദ്ധീകരിക്കുന്നതിലെ ശാസ്ത്രീയ ധാർമ്മികത ശാസ്ത്രഗതി മാസിക നടത്തുന്ന ശാസ്ത്രപ്രമാണിമാർ വിശദീകരിക്കേണ്ടതാണ്. ജൈവകൃഷിരീതി ദീർഘനാളായി അവലംബിക്കുന്ന ഒരു തെങ്ങിൻ തോട്ടമാണതെന്ന് കൃത്യതയോടെ വ്യക്തമാക്കിയാൽ മനസ്സിലാക്കാം. ഈ വിധത്തിൽ കാര്യങ്ങൾ അവതരിപ്പിക്കാൻ ശ്രമിക്കുമ്പോഴാണ് പല ഗവേഷകരുടെയും സത്യസന്ധതയെ ജനങ്ങൾ സംശയിക്കുന്നത് എന്നു മാത്രമെ പറയാനുള്ളു.

> ശാസ്ത്രം സത്യാന്വേഷത്തിനാവണം. എന്നാൽ സത്യാന്വേഷണത്തിനുള്ള ഏകപാതയുമല്ല ശാസ്ത്രം. ശാസ്ത്രസത്യങ്ങൾ എന്നു പറഞ്ഞ് അവതരിപ്പിക്കപ്പെടുന്ന പല സിദ്ധാന്തങ്ങളും ഏറെ വൈകാതെ തിരുത്തിക്കുറിക്കേണ്ടിവരുന്നത് സാധാരണമാണല്ലോ. അതുകൊണ്ടുതന്നെ ഡോ. ശ്രീകുമാറിനെപ്പോലെയുള്ള ശാസ്ത്രവാദികൾ നമുക്ക് ചുറ്റും കാണുന്ന കാര്യങ്ങളുടെ ആത്യന്തിക പൊരുളൊന്നും ശാസ്ത്രം ഇതുവരെ കണ്ടെത്തിയിട്ടില്ലായെന്ന് വിനയപൂർവ്വം മനസ്സിലാക്കണം.

ശാസ്ത്രം സത്യാന്വേഷത്തിനാവണം. എന്നാൽ സത്യാന്വേഷണത്തിനുള്ള ഏകപാതയുമല്ല ശാസ്ത്രം. ശാസ്ത്രസത്യങ്ങൾ എന്നു പറഞ്ഞ് അവതരിപ്പിക്കപ്പെടുന്ന പല സിദ്ധാന്തങ്ങളും ഏറെ വൈകാതെ തിരുത്തിക്കുറിക്കേണ്ടിവരുന്നത് സാധാരണമാണല്ലോ. അതുകൊണ്ടുതന്നെ ഡോ. ശ്രീകുമാറിനെപ്പോലെയുള്ള ശാസ്ത്രവാദികൾ നമുക്ക് ചുറ്റും കാണുന്ന കാര്യങ്ങളുടെ ആത്യന്തിക പൊരുളൊന്നും ശാസ്ത്രം ഇതുവരെ കണ്ടെത്തിയിട്ടില്ലായെന്ന് വിനയപൂർവ്വം മനസ്സിലാക്കണം. ശാസ്ത്രം മാത്രമല്ല സത്യാന്വേഷണ പാതയെന്നും സാധാരണ മനുഷ്യന്റെ അനുഭവങ്ങളും നിരീക്ഷണങ്ങളും, ചില വ്യക്തിത്വങ്ങളുടെ ധ്യാനാത്മകമായ നിശബ്ദതപോലും സത്യാന്വേഷണ പാതകളാണെന്നും അംഗീകരിക്കണം. കേരളത്തിൽ പ്രചരിക്കുന്ന ജൈവകൃഷി രീതികൾ വൈജ്ഞാനിക അടിസ്ഥാനമുള്ളതല്ലെന്നും കണ്ടറിഞ്ഞും കേട്ടറിഞ്ഞും മാത്രമുള്ളതാണെന്നുമുള്ള പരിഹാസം സത്യാന്വേഷണത്തിനെ കീറിമുറിച്ചും വിഘടിപ്പിച്ചും, ശാസ്ത്രീയം എന്നു പറയുന്ന ചില കടമ്പകളിലൂടെ കടത്തിവിട്ടുമുള്ള അന്വേഷണങ്ങളെ മാത്രമെ ആശ്രയിക്കാവൂ എന്ന ഡോ. ശ്രീകുമാറിനെപ്പോലുള്ളവരുടെ ശാസ്ത്രമതാ

⇨ എന്ത് മൗലിക സംഭാവനയാണ് ഈ സ്ഥാപനങ്ങൾ നൽകിയിട്ടുള്ളതെന്ന് കൃത്യതയോടെ ചൂണ്ടിക്കാണിക്കാമോ? ⇨



ജൈവജീവിത സന്ദേശ യാത്രയിൽ പ്രദർശിപ്പിച്ച ജൈവകൃഷി ഉത്പന്നങ്ങൾ

ന്ധതയിൽ നിന്നുണ്ടാവുന്നതാണ്. അദ്ദേഹത്തിന്റെ അഭിമുഖത്തിൽ ഒരു ചെടി മുളച്ചുവരുന്നതിനെപ്പറ്റിയും അതിന്റെ വളർച്ചയ്ക്കായി എന്തെല്ലാം മൂലകങ്ങൾ എത്ര ശതമാനം വീതം വേണ്ടിവരുമെന്നുമെല്ലാം വ്യക്തമാക്കുന്നുണ്ട്. ഒരു സാധാരണ കർഷകൻ എന്ന നിലയിൽ അതിനെയൊന്നും ചോദ്യം ചെയ്യാനുള്ള അറിവുമെനിക്കില്ല. എന്നാൽ അദ്ദേഹം പറഞ്ഞ അനുപാതത്തിൽ അതേ മൂലകങ്ങൾ ഒരു ടെസ്റ്റ്യൂബിലിട്ട് കുലുക്കിയാൽ ജീവനുണ്ടാവില്ല എന്ന് എനിക്കറിയാം. ഒരു വിത്തിലെ ജീവൻ എന്നതിന്റെ കരുത്തും സവിശേഷതകളും ഇനിയുമെത്ര അറിയാനിരിക്കുന്നു ശ്രീകുമാർ സാറെ. അദ്ദേഹം അഭിമുഖത്തിൽ പറുന്ന മറ്റൊരു കാര്യവുമുണ്ട്. രാസവളമായാലും ജൈവ വളമായാലും സസ്യങ്ങൾ ആഗീകരണം ചെയ്യുന്നത് രാസ തന്മാത്രകളും അയണീകൃത ഘടകങ്ങളുമായാണ്, അതുകൊണ്ട് അവയുടെ ഉറവിടം കൃത്രിമ രാസവസ്തുവാണോ ജൈവ വസ്തുവാണോ എന്നത് പ്രസക്തമല്ലത്രെ. അങ്ങനെയെങ്കിൽ അദ്ദേഹമെന്തിനാണ് ഭക്ഷണം കഴിക്കുന്നത്. ഭക്ഷണത്തിൽ നിന്ന് ശരീരം ആഗീകരണം ചെയ്യുന്ന ഘടകങ്ങൾ നേരിട്ട് രക്തത്തിലേക്ക് കടത്തിവിട്ടാൽ പോരേ. വെറുതെ ശരീരത്തെ ദഹനം ആഗീകരണം വിസർജ്ജനം തുടങ്ങിയ പ്രക്രിയകളിലൂടെ ബുദ്ധിമുട്ടിക്കുന്നതെന്തിനാണ്?

ഒരു സാധാരണക്കാരന്റെ സാമാന്യബോധത്തിൽ നിന്നുകൊണ്ട് പറയട്ടെ, പ്രകൃതി ഓരോന്നിനും ഓരോ പ്രവർത്തനരീതികൾ നിഷ്കർച്ചിട്ടുണ്ട്. അതിനോട് പരമാവധി ചേർന്നു നിൽക്കുന്നതാവണം മനുഷ്യന്റെ ഇടപെടലുകൾ. ശാസ്ത്രം എല്ലാമറിയുന്നു എന്ന് ഭാവിക്കുന്നതും ശാസ്ത്രത്തിന് എല്ലാം രൂപകല്പന ചെയ്യാനാവുമെന്ന് കരുതുന്നതും ശാസ്ത്രമതാന്ധതയാണ്. ശാസ്ത്രഗതിയിലെ അഭിമുഖം വായിച്ചപ്പോൾ എനിക്ക് തോന്നിയത് ഒന്നുകിൽ ഡോ.ശ്രീകുമാൻ ശാസ്ത്രമതത്തിൽ വിശ്വസിക്കുന്ന ഒരാളാണ്; അല്ലെങ്കിൽ അദ്ദേഹം ചില താല്പര്യങ്ങൾക്കുവേണ്ടി ജൈവകൃഷിയെ വിലയിടിച്ചുകാണിക്കുന്ന ആളാണ് എന്നു തന്നെയാണ്.

ഉൽപ്പാദനക്ഷമതയും ഉൽപ്പന്നനിലവാരവുമുയർത്താനായി കാർഷിക ശാസ്ത്രജ്ഞർ നിർദ്ദേശിച്ച രാസവളം – കീടനാശിനികൾ – ജലസേചനം – പുതിയവിത്തുകൾ – യന്ത്രവൽക്കരണം എന്നിവയടങ്ങുന്ന പാക്കേജ് വൻവിജയമായിരുന്നു എന്നാണ് ഡോ.ശ്രീകുമാർ അഭിമുഖത്തിൽ പറഞ്ഞിരിക്കുന്നത്. ഇങ്ങനെ വൻവിജയമായി തീർന്ന പാക്കേജിന്റെ ദേശീയതലത്തിലുള്ള ഒരു പ്രധാന നടത്തിപ്പുകാരനായിരുന്നല്ലോ ഡോ. എം.എസ്. സ്വാമിനാഥൻ. അദ്ദേഹമിപ്പോൾ ആ വൻവിജയ സമവാക്യം ഉപേക്ഷിച്ച് ജൈവകൃഷി പ്രചാരകനായിരിക്കുന്നതിനെപ്പറ്റി ഡോ. ശ്രീകുമാറിനെന്തു പറയാനുണ്ടെന്ന് അറിയാൻ താല്പര്യമുണ്ട്. ഡോ. സ്വാമിനാഥൻ കയ്യൊഴിഞ്ഞ പാക്കേജ് സാധാരണ കർഷകരുടെ ചുമലിൽ വച്ചുകെട്ടാൻ താങ്കൾ ശ്രമിക്കുന്നതെന്തിനാണ്?

വിളകളിൽ, വിത്തിനങ്ങളിൽ, കാർഷിക സാങ്കേതിത വിദ്യകളിൽ മൗലികമായ സംഭാവനകൾ നൽകാൻ കേരളത്തിലെ കാർഷിക ഗവേഷണ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ടെന്ന അവകാശമുന്നയിക്കുന്ന ഡോ. ശ്രീകുമാർ; കർഷകർക്ക് പ്രയോജനപ്പെടുന്ന എന്ത് മൗലിക സംഭാവനയാണ് ഈ സ്ഥാപനങ്ങൾ നൽകിയിട്ടുള്ളതെന്ന് കൃത്യതയോടെ ചൂണ്ടിക്കാണിക്കാമോ? കുരുമുളക്ചെടിയുടെ ദ്രുതവാട്ടത്തിന്, തെങ്ങിന്റെ രോഗങ്ങൾക്ക്, കശുമാവിലെ തേയിലക്കൊതുകിന്, റബ്ബറിലെ പട്ടമരപ്പിന്, കമുകിന്റെ ഓലമഞ്ഞളിപ്പിനും സമ്പൂർണ്ണനാശത്തിനും എന്തെങ്കിലും പ്രതിവിധിയുണ്ടായാലോ സാർ, നെല്ലിനെയും പച്ചക്കറിയേയും ബാധിക്കുന്ന കീടങ്ങളെ വിഷം തളിച്ച് കൊല്ലാൻ ഏതെങ്കിലും കീടനാശിനി കമ്പനി മുന്നോട്ടു വച്ച കാര്യങ്ങൾ ശുപാർശ ചെയ്യുന്നതാണോ മൗലികതയുള്ള സംഭാവന തെങ്ങുകയറാനുള്ള യന്ത്രം കണ്ടുപിടിച്ചത് ഒരു കർഷകനാണ്. നീരപുളിക്കാതിരിക്കാനുള്ള സാങ്കേതിക വിദ്യ കണ്ടുപിടിച്ചത് മറ്റൊരു

സാധാരണക്കാരൻ. (അത് സ്വന്തം പേരിലാക്കാൻ കാർഷിക വിമർശകൻമാർ ശ്രമിച്ചതായി ആരോപണം ഉണ്ട്)

രാസകീടനാശിനികൾ വളരെ സൂക്ഷ്മമായ നിരവധി പഠനങ്ങൾക്കുശേഷമാണ് പുറത്തിറങ്ങുന്നതെന്നും അവയുടെ അനുവദനീയമായ ഡോസിലധികം ഉപയോഗിക്കുന്നതുകൊണ്ടാണ് മനുഷ്യന് കുഴപ്പങ്ങളുണ്ടാകുന്നത് എന്നും പറഞ്ഞുകൊണ്ട് ഡോ. ശ്രീകുമാർ കീടനാശിനികളെ വെള്ള പൂശുന്നുണ്ട്. കൂട്ടത്തിൽ അറിയാതെയാണോ എന്നറിയില്ല ഒരു സത്യം അദ്ദേഹം പറയുന്നുണ്ട്: പരിസ്ഥിതിയെ ദീർഘ കാലാടിസ്ഥാനത്തിൽ ബാധിക്കുകയും ചെറുപ്രാണികൾക്കും ജൈവചക്രത്തിലെ കണ്ണികളായ പല ജീവികൾക്കും ഹാനികരമാവുന്ന കീടനാശിനികൾ പൂർണ്ണമായി ഒഴിവാക്കാനാണ് ആക്ടിവിസ്റ്റുകൾ ആവശ്യപ്പെടുന്നത്; ഭാവിതലമുറയ്ക്കുവേണ്ടി നാം പരിരക്ഷിക്കേണ്ട നിധിയാണ് പരിസ്ഥിതി എന്നതിനാൽ അതിൽ ഒരു ന്യായമുണ്ട് എന്ന് അദ്ദേഹം അഭിമുഖത്തിൽ പറയുന്നു. ഇതൊരു ചെറിയ ന്യായമല്ലായെന്നാണ് ജൈവകൃഷിയെ മാനിക്കുന്നവർക്ക് പറയാനുള്ളത്. ഈയൊരു ന്യായം മാത്രം മതിയല്ലോ രാസകൃഷിയെ നിരാകരിക്കാൻ.

പരിസ്ഥിതിയെ ദീർഘ കാലാടിസ്ഥാനത്തിൽ ബാധിക്കുകയും ചെറുപ്രാണികൾക്കും ജൈവചക്രത്തിലെ കണ്ണികളായ പല ജീവികൾക്കും ഹാനികരമാവുന്ന കീടനാശിനികൾ പൂർണ്ണമായി ഒഴിവാക്കാനാണ് ആക്ടിവിസ്റ്റുകൾ ആവശ്യപ്പെടുന്നത്; ഭാവിതല മുറയ്ക്കുവേണ്ടി നാം പരിരക്ഷിക്കേണ്ട നിധിയാണ് പരിസ്ഥിതി എന്നതിനാൽ അതിൽ ഒരു ന്യായമുണ്ട് എന്ന് അദ്ദേഹം അഭിമുഖത്തിൽ പറയുന്നു. ഇതൊരു ചെറിയ ന്യായമല്ലായെന്നാണ് ജൈവകൃഷിയെ മാനിക്കുന്നവർക്ക് പറയാനുള്ളത്.

മറ്റൊരു സത്യവും ഡോ. ശ്രീകുമാർ അഭിമുഖത്തിൽ പറയുന്നുണ്ട്. ആധുനിക കൃഷിതന്ത്രങ്ങൾ വികസിപ്പിക്കപ്പെട്ടത് സമ്പന്നരാജ്യങ്ങളിലാണ്. പട്ടിണി മാറ്റുക എന്ന ആവശ്യം അവർക്കുണ്ടായിരുന്നില്ല. കുറഞ്ഞ പരിശ്രമത്തിൽ, ചിലവ് കുറച്ച് ഉയർന്ന കാർഷികോൽപ്പാദനമുണ്ടാക്കി കയറ്റുമതി ചെയ്ത് ലാഭമുണ്ടാക്കുക എന്നതായിരുന്നു അവരുടെ ലക്ഷ്യം. കാർഷിക ഉല്പന്നം കയറ്റുമതി ചെയ്യുന്നതിലും ലാഭം ഈ കാർഷിക തന്ത്രം കയറ്റുമതി ചെയ്യുന്നതാണെന്ന് വൈകാതെ അവർക്കുമനസ്സിലായി എന്നത് ഡോ. ശ്രീകുമാർ പറയുന്നില്ല. ആ കാർഷിക തന്ത്രത്തിനു പിന്നാലെ വിത്തും വളവും കീടനാശിനിയും, ഏറെ വൈകാതെ കീടനാശിനിമൂലമുണ്ടായ രോഗങ്ങൾക്ക് ചികിത്സിക്കാനുള്ള കോപ്പുകളെല്ലാം കയറ്റുമതി ചെയ്യുന്നതിലെ ലാഭസാധ്യതയും അവർക്കു മനസ്സിലായി. ഇതുതന്നെയാണ് മുഖ്യപ്രശ്നം. സമ്പന്നരാജ്യങ്ങൾ എന്നു പറഞ്ഞാൽ സമ്പന്നരാജ്യങ്ങളിലെ കുത്തകകമ്പനികൾതന്നെയാണ്. ഇത്തരം കമ്പനികളുമായി സഹകരിച്ചാണ് ഇനി നമ്മുടെ നാട്ടിലെ കാർഷിക ഗവേഷണശാലകൾ മുന്നോട്ടുപോകുക. അപ്പോൾ അവിടങ്ങളിൽ നിന്നുണ്ടാവുന്ന കാർഷികവിജ്ഞാനം ആരുടെ താല്പര്യങ്ങളാണ് സംരക്ഷിക്കുക. ഡോ.ശ്രീകുമാറുമായി അഭിമുഖം നടത്തിയ ഡോ. മനോജ് കോമത്ത് പക്ഷെ രാസകൃഷിക്കു പിന്നിലെ കുത്തക കമ്പനികളുടെ താല്പര്യങ്ങൾ സംബന്ധിച്ച ചോദ്യം ഒഴിവാക്കിയത് എന്തുകൊണ്ടാണെന്നറിയില്ല. സാധാരണ ഈ വിഷയം സംബന്ധിച്ച എല്ലാ ചർച്ചകളിലും ഉന്നയിക്കപ്പെടാറുള്ള ഈയൊരു തലം സുദീർഘമായ അഭിമുഖത്തിൽ കാണാതെ പോയത് ബോധപൂർവ്വമല്ല എന്ന് വിശ്വസിയ്ക്കാൻ ന്യായം കാണുന്നില്ല.

മണ്ണിൽ ഒരു നിശ്ചിത അളവിൽ ജൈവാംശവും സൂക്ഷ്മജീവികളും ഈർപ്പവുമുണ്ടെങ്കിലേ വേരുകൾക്ക് ഫലപ്രദമായി പോഷകങ്ങൾ ആഗികരണം ചെയ്യാൻ പറ്റൂ. ഇതെല്ലാം പരിശോധിച്ചറിഞ്ഞ് സസ്യത്തിന് പ്രകൃതിദത്തമായി അവകാശപ്പെട്ട സാഹചര്യങ്ങളും പോഷണങ്ങളും ഒരുക്കുക എന്നതാണ് കർഷകന്റെ കർത്തവ്യം എന്ന് വളരെ കൃത്യമായി പറയുന്നുണ്ട് ഡോ. ശ്രീകുമാർ. അതുതന്നെയാണ് ജൈവ കർഷകർ ചെയ്യുന്നത് എന്ന് അദ്ദേഹം മനസ്സിലാക്കണം. അദ്ദേഹം പ്രതിനിധാനം ചെയ്യുന്ന കൃഷിരീതി അതല്ല ചെയ്യുന്നതെന്ന് ജൈവകർഷകർക്ക് ഇതിനോടകം മനസ്സിലായിട്ടുമുണ്ട്.

സർക്കാർ ഉദ്യോഗസ്ഥനോ ഗൾഫുകാരനോ ഉള്ള മാന്യതയോ സാമ്പത്തിക സുരക്ഷയോ ഒരിക്കലും കൃഷിക്കാരന് കിട്ടിയിട്ടില്ല എന്ന സത്യം പറയുന്ന ശ്രീകുമാർ, സ്വന്തം അനുഭവങ്ങളെ അടിസ്ഥാനപ്പെടുത്തി ആത്മാഭിമാനത്തോടെ കൃഷിചെയ്യാനാണ് ജൈവ കർഷകർ ശ്രമിക്കുന്നത് എന്നുകൂടി മനസ്സിലാക്കണം. ശ്രീകുമാറിനെപ്പോലുള്ളവർ വിതയ്ക്കു

ന്ന കൃഷി വിജ്ഞാനത്തെ ആശ്രയിച്ചുള്ള കൃഷിയെക്കാൾ കർഷകന് സാമ്പത്തിക സുരക്ഷിതത്വവും ആഭിമാനബോധവും നൽകുന്നത് കൂടുതൽ സർഗ്ഗാത്മകവും ജൈവകൃഷിരീതികളാണെന്നറിഞ്ഞുകൊണ്ടാണ് കൃഷിമാത്രം വരുമാന മാർഗ്ഗമുള്ള ആയിരക്കണക്കിന് കർഷകർ ആ പാതയിലൂടെ മുന്നോട്ടുപോകുന്നത്. ഇതു തന്നെയാണ് പലരേയും അങ്കലാപ്പിലാക്കുന്നത്. കർഷകർ അങ്ങനെ സ്വന്തം കാലിൽ നിവർന്നുനിന്നാൽ പലർക്കും പ്രശ്നമാണ്.

ഡോ. ശ്രീകുമാറിന്റെ ഭാഷയിൽ പറഞ്ഞാൽ ഏതാനും സെന്റ് കൃഷിയിടമുള്ള മൈക്രോ കർഷകരും, ടെറസ്സ് കൃഷി ചെയ്യുന്ന നാനോ കർഷകരുമടങ്ങുന്ന അമേച്വർ കർഷകർ മാത്രമാണ് ജൈവകൃഷിയിലേക്ക് തിരിയുന്നതെങ്കിൽ കുഴപ്പമില്ലായിരുന്നു. പക്ഷെ, കാര്യങ്ങൾ ഇങ്ങനെ പോയാൽ കൃഷിയിൽ കർഷകർക്ക് മേധാവിത്വം കിട്ടില്ലേ. അതനുവദിക്കാൻ പാടില്ലല്ലോ. വിദ്യാഭ്യാസത്തിൽ പ്രാമുഖ്യം വിദ്യാഭ്യാസ വകുപ്പിനും മാനേജ്മെന്റുകൾക്കുമാകണം, വിദ്യാർത്ഥികൾക്കാകരുത്. സഹകരണരംഗത്ത് പ്രാമുഖ്യം സഹകാരികൾക്കാവരുത്, സഹകരണ വകുപ്പിനാകണം. മതവിശ്വാസത്തിൽ പ്രാമുഖ്യം വിശ്വസിക്കാവരുത് പൗരോഹിത്യത്തിനാവണം. ജനാധിപത്യ രാഷ്ട്രീയത്തിൽ പ്രാമുഖ്യം നേതാക്കൾക്കാവണം, ജനങ്ങൾക്കാവരുത്. ഇതാണല്ലോ നാട്ടുനടപ്പ്. കൃഷിയിൽ മാത്രം അതുപറ്റില്ലെന്നു പറഞ്ഞാൽ!

സർക്കാർ സംവിധാനങ്ങളുടെ പിൻബലമില്ലാതെ കർഷകർ സ്വമേധയാ ജൈവകൃഷിയുടെ വഴിയെ നടക്കാൻ തുടങ്ങിയപ്പോൾ യാതൊരു തയ്യാറെടുപ്പുമില്ലാതെ ലാഘവബുദ്ധിയോടെ സർക്കാർ ജൈവകൃഷി സംസ്ഥാന പ്രഖ്യാപനം നടത്തുകയായിരുന്നു. ആധുനിക കൃഷിശാസ്ത്രം മാത്രം പഠിച്ചിട്ടുള്ള കൃഷി വകുപ്പിലെ ഒറ്റ ഉദ്യോഗസ്ഥ മുട്ടാളൻമാരും ഈ കൃഷി ശാസ്ത്രത്തെ അടിസ്ഥാനമാക്കി കൊഴുത്ത ശമ്പളവും സൗഭാഗ്യങ്ങളും നേടിയെടുത്ത കുറെ കൃഷിപണ്ഡിതന്മാരും അസ്വസ്ഥരായത് സ്വാഭാവികം. അലോപ്പതിവൈദ്യം പഠിച്ച ഡോക്ടർമാരോട് നാളെ മുതൽ ആയുർവേദ ചികിത്സ നടത്തണമെന്നു പറഞ്ഞതുപോലെയായി. ഇക്കൂട്ടർ ഇപ്പോൾ ജൈവകൃഷി നയത്തെ ഉള്ളിൽ നിന്നും പുറത്തുനിന്നും പരാജയപ്പെടുത്താൻ കരുക്കൾ നീക്കുകയാണ്. സംസ്ഥാനത്തെ 2016-ൽ ജൈവകൃഷി സംസ്ഥാനമാക്കുന്നതിന്റെ മുന്നോടിയായി 2012-ൽ കാസർഗോഡ് ജില്ലയെ ജൈവജില്ലയായി പ്രഖ്യാപിച്ചിരുന്നു. തുടർന്നിങ്ങോട്ട് കാസർഗോഡ് ജില്ലയിൽ കൃഷിവകുപ്പിന്റെ ആഭിമുഖ്യത്തിൽ നടന്ന ജൈവകൃഷി വ്യാപനശ്രമങ്ങൾ പരിശോധിച്ചാൽ ഉള്ളിൽ നിന്നുള്ള പരാജയപ്പെടുത്തൽ ഏതുവിധമാണെന്ന് മനസ്സിലാവും. 2012-2013, 2013-2014 സാമ്പത്തിക വർഷങ്ങളിലായി പത്തുകോടി എൺപത്തെട്ട് ലക്ഷത്തോളം രൂപാ ജൈവകൃഷിവ്യാപനത്തിനായി ചിലവഴിച്ചതായി വിവരാവകാശനിയമമനുസരിച്ച് അറിയാൻ കഴിഞ്ഞു. നടന്ന പ്രധാന പ്രവർത്തനങ്ങൾ കുറെ സെമിനാറുകളും മറ്റുമാണ്. ഇക്കഴിഞ്ഞ സാമ്പത്തികവർഷത്തെ കണക്ക് കിട്ടാനിരിക്കുന്നതേയുള്ളു. ഇതൊക്കെ മനസ്സിലാക്കുന്ന കർഷകർക്ക് ജൈവ ജില്ലാ പ്രഖ്യാപനത്തിൽ വിശ്വാസം നഷ്ടപ്പെടും. ജില്ലാ ജൈവ കർഷകർഷക സമിതി ആവശ്യപ്പെട്ടതനുസരിച്ച് ജൈവ സർട്ടിഫിക്കേഷനു വേണ്ടി പി.ജി.എസ് (പാർട്ടിസിപ്പേറ്ററി ഗാരണ്ടി സ്കീം) സംവിധാനമൊരുക്കാൻ നീക്കമുണ്ടായി. എന്നാലിപ്പോൾ അക്കാര്യത്തിലും അനിശ്ചിതത്വമാണ്. ആധികാരികതയോടെ ജൈവ കർഷകർക്ക് തങ്ങളുടെ ഉല്പന്നങ്ങൾ വില്ക്കാനും വിശ്വാസ്യതയോടെ ഉപഭോക്താക്കൾക്ക് ജൈവ ഉല്പന്നങ്ങൾ വാങ്ങാനുമുപകരിക്കുന്നതാണ് ജൈവ സർട്ടിഫിക്കേഷൻ. കർഷകരെ വിശ്വാസത്തിലെടുക്കുന്നതും ലളിതവും സുതാര്യവുമായ പി.ജി.എസ് സർട്ടിഫിക്കേഷൻ സംവിധാനമേർപ്പെടുത്തിയാൽ ജൈവ കൃഷിരംഗത്തേക്ക് ധാരാളം കർഷകർ കടന്നുവരും. അതുപാടില്ലല്ലോ. ഇങ്ങനെ പോകുന്നു ജൈവകൃഷി സംസ്ഥാനമാക്കുന്നതിന്റെ ഭാഗമായ ജില്ലാതല പൈലറ്റ് പോജക്ട്. ഇതെല്ലാം കൂട്ടിവായിക്കപ്പെടേണ്ടതാണ്.

അഭിമുഖങ്ങളും ലേഖനങ്ങളും ഇനിയും വരാം. ആശയക്കുഴപ്പങ്ങളും അനിശ്ചിതത്വങ്ങളും ഉണ്ടാക്കി ഒരു സർക്കാർ നയത്തെ അട്ടിമറിക്കാനാവും, എന്നാലതുകൊണ്ടുമാത്രം ജൈവകൃഷി പരാജയപ്പെടില്ല. എന്തുകൊണ്ടെന്നാൽ ജൈവകൃഷിരീതിയ്ക്ക് ഇന്നത്തെ നിലക്ക് കേരളീയ സമൂഹത്തിന്റെ അംഗീകാരം കിട്ടിയത് സർക്കാരിന്റെ സ്പോൺസർഷിപ്പുകൊണ്ടല്ല. എന്റെ പറമ്പിൽ നാടൻ വിത്തുകൾ നടുന്നതിനെയും ജീവാമൃതം ഒഴിക്കുന്നതിനെയും തടയാൻ ഒരു ശ്രീകുമാറിനുമാവില്ല. ■

**നദീസംരക്ഷണ ദിനാചരണം**

ദേശീയ ശാസ്ത്ര സെമിനാർ
**2015 ഒക്ടോബർ 2,3**
ഇരുവഴിഞ്ഞിപുഴയോരം,
മുക്കം, കോഴിക്കോട്.
*കേരള നദീസംരക്ഷണ സമിതി - 9388609725*